# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 30/ 09/2018

# അന്താരാഷ്ട്ര വയോജനദിനത്തോടനുബന്ധിച്ച് കൊല്ലം സിറ്റി പോലീസ് മാരത്തോൺ മൽസരം നടത്തി





അന്താരാഷ്ട്ര വയോജന ദിനത്തോടനുബന്ധിച്ച് കൊല്ലം സിറ്റി പോലീസ് മിനിമാരത്തോൺ സംഘടിപ്പിച്ചു. വയോജനങ്ങളോടുള്ള ആദരവും കരുതലും രൂപപ്പെടുത്തുന്നതിന് യുവജനങ്ങളെ പ്രാപ്തരാക്കണമെന്ന ആശയം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായാണ് റൺ ഫോർ എൽഡേഴ്സ് എന്ന ആശയവുമായി കൊല്ലം സിറ്റി പോലീസ് "കൊല്ലം മിനിമാരത്തോൺ -2018" എന്ന പേരിൽ മാരത്തോൺ മൽസരം സംഘടിപ്പിച്ചത്. ഞായറാഴ്ച രാവിലെ 6 മണിക്ക് കൊല്ലം ബീച്ചിൽ നിന്നും ആരംഭിച്ച മാരത്തോൺ മൽസരം കൊല്ലം ലാൽ ബഹദൂർ സ്റ്റേഡിയത്തിൽ സമാപിച്ചു. പുരുഷന്മാർക്കും വനിതകൾക്കുമായി പ്രത്യേകം മൽസരം സംഘടിപ്പിച്ചിരുന്നു. പുരുഷവിഭാഗത്തിൽ പാലക്കാട് സ്വദേശിയായ പ്രസാദും വനിതാ വിഭാഗത്തിൽ കുണ്ടറ സ്വദേശിയായ ഹിമ എസ് എസ് നായരും ഒന്നാം സ്ഥാനങ്ങൾ നേടി. വിജയികൾക്കുള്ള സമ്മാനദാനം എംഎൽഎ എം. നൗഷാദ്, യുവജനകമ്മീശൻ ചെയർ പേഴ്സൺ ചിന്താ ജെറോം, അസി. കളക്ടർ ഇലക്കിയ എന്നിവർ നിർവ്വഹിച്ചു. വയോജനദിനത്തോടനുബന്ധിച്ച് സ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ചിത്രരചനാ മൽസരത്തിലെ വിജയികൾക്കുള്ള സമ്മാനദാനവും തദവസരത്തിൽ നിർവ്വഹിച്ചു. സിറ്റി പോലീസ് കമ്മീഷർ ഡോ. അരുൾ ആർ ബി കൃഷ്ണ ഐപിഎസ്, സിറ്റിയിലെ പോലീസ് അസിസ്റ്റന്റ് കമ്മീഷണർമാർ മറ്റ് പോലീസ് ഉദ്യോഗസ്ഥർ എന്നി എന്നിവർ പങ്കെടുത്തു. മിനിമാരത്തോണിൽ പങ്കെടുത്ത എല്ലാവർക്കും സിറ്റി പോലീസിന്റെ സർട്ടിഫിക്കറ്റുകളും മെഡലുകളും സമ്മാനിച്ചു.